യിൽപ്പെടുത്തിയാൽ അത് പരിശോധിക്കുന്നതാണ്. അവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ യാതൊരു വിരോധവും ഈ ഗവൺമെന്റിനില്ല.

ശ്രീ. ജി. സുധാകരൻ : സർ, പട്ടാമ്പി, കായംകുളം തുടങ്ങിയവ അടക്കമുള്ള പുതിയ താലൂക്കുകളുടെ രൂപീകരണവും സംബന്ധിച്ച തീരുമാനവും തളിപ്പറമ്പ്, തലശ്ശേരി, കോഴിക്കോട് അടക്കമുള്ള പുനർനിർണ്ണയിക്കപ്പെടേണ്ട താലൂക്കുകളുടെ തീരുമാനവും പൊതുവെ പുനസംഘടന നടത്തുമെന്ന് അങ്ങിവിടെ ഉറപ്പിച്ച് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ, ഇനി ഗവൺമെന്റിന് രണ്ടുവർഷമേയുള്ളൂ, ഈ വർഷം തന്നെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കാനുള്ള ഉദ്ദേശമുണ്ടോ? അക്കാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഞാനിവിടെ അത് പരിശോധിച്ചു. 25 കൊല്ലക്കാലങ്ങൾക്കിടയിൽ നിരവധി പെറ്റീഷനുകൾ വിവിധ ഗവൺമെന്റിന്റെ കാലങ്ങളിൽ കിട്ടിയിട്ടുണ്ട്. താലൂക്ക് രൂപീകരണ ആവശ്യവുമായി ബന്ധപ്പെട്ട ഏറ്റവും കൂടുതൽ നിവേദനങ്ങളും പെറ്റീഷനുകളും കിട്ടിയതിൽ ഒന്ന് കായംകുളമാണ്. പട്ടാമ്പിയും കായംകുളവുമാണ് അതിൽ ഏറ്റവും കൂടുതലുള്ളത്. അതുകൊണ്ട് ആ ലിസ്റ്റിൽ പെടുന്നതാണത്. അത് ഏതൊക്കെ വേണമെന്നത് നമ്മൾ..... ബഹളം .....ഞാൻ ഒരു വസ്തുതയാണ് പറഞ്ഞത്. 25 കൊല്ലക്കാലങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ മെമ്മോറാണ്ടങ്ങളും പരാതികളും ഗവൺമെന്റിന് കിട്ടിയിട്ടുള്ളതിൽ, അത് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലും കിട്ടിയിട്ടുണ്ട്. ഇ.എം.എസ് ഗവൺമെന്റിന്റെ കാലം മുതൽ ഈ ഗവൺമെന്റിന്റെ കാലം വരെ കിട്ടിയതിൽ ഏറ്റവും കൂടുതൽ കിട്ടിയത് പട്ടാമ്പിയും കായംകുളവും സംബന്ധിച്ചാണെന്നാണ് ഞാൻ പറഞ്ഞത്. അതിൽ കുറച്ചുകിട്ടിയ എല്ലാ ലിസ്റ്റും ഞാനിപ്പോൾ വായിക്കുന്നില്ല.

**2 (*122) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ വ്യവസായങ്ങളുടെ സഞ്ചിത നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി നിരക്കുകളിൽ 1999 ഫെബ്രുവരി മുതലും, മേയ് 15 മുതലും വരുത്തിയ വർദ്ധനമൂലം ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവിൽ ഉണ്ടാകാവുന്ന ഭീമമായ വർദ്ധനവിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) വൈദ്യുതി നിരക്ക് വർദ്ധനമൂലം പൊതുമേഖലാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൂട്ടിക്കിടന്ന ഏതെല്ലാം പൊതുമേഖലാ വ്യവസായങ്ങളാണ് ഈ സർക്കാർ തുറന്നു പ്രവർത്തിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇനിയും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഏതെങ്കിലും സ്ഥാപനം ഉണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് രൂപീകരിച്ചുകഴിഞ്ഞു.

ഇതുകൂടാതെ, വിവിധ മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പലവട്ട ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. കമ്പനികളുടെ പ്രൊപ്പോസലുകൾ കമ്മിറ്റികൾ വിശദമായ പഠനത്തിന് വിധേയമാക്കുകയും അതിന്മേലുള്ള വിശദമായ മാർഗ്ഗരേഖ പ്രകാരം സർക്കാർ പ്രൊപ്പോസലുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) കമ്പനികൾ സഞ്ചിത നഷ്ടത്തിലാക്കുന്നതിനുള്ള കാരണങ്ങൾ മനസ്സിലാക്കി സർക്കാർ ഒ.ടി.എസ് നൽകുന്നതിനായി തുക അനുവദിക്കുകയും സ്ഥാപനത്തിന്റെ ഭരണ ചെലവുകൾ നിയന്ത്രിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിച്ച് സ്ഥാപനത്തെ ലാഭത്തിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു വരുന്നു. ഈ നടപടികളിലൂടെ കമ്പനികളുടെ ലാഭം വർദ്ധിപ്പിക്കുന്നതു മുഖേന സഞ്ചിത നഷ്ടം കുറയ്ക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

(ഇ) കേരളാ സോപ്സ് ആന്റ് ഓയിൽസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ ഡിവിഷൻ എന്നിവ.

(എഫ്) ഉണ്ട്.

ശ്രീ. പാലോട് രവി : സർ, അങ്ങ് നൽകിയ മറുപടിയിൽ വൈദ്യുതി നിരക്കുകൾ ഫെബ്രുവരിയിലും മെയ് 15-നും വരുത്തിയ വർദ്ധനവുമൂലം ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവിലുണ്ടാകുന്ന ഭീമമായ വർദ്ധനവുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. ഇന്ന് വ്യവസായ വകുപ്പ് ഏറ്റവും വലിയ പ്രശ്നമാണ് നേരിടുന്നത്. എനിക്ക് ഒരു നിർദ്ദേശം പറയുവാനുള്ളത് ചില പൊതുമേഖലാ സ്ഥാപനങ്ങൾ കുറഞ്ഞ ചെലവിൽ വൈദ്യുതിയുൽപ്പാദിപ്പിക്കുന്നതിന് മുന്നോട്ട് വന്നാൽ മിനി ഹൈഡൽ പ്രോജക്ടുകൾ തുടങ്ങാൻ മുന്നോട്ട് വന്നാൽ, അതിന് ഇലക്ട്രിസിറ്റി ബോർഡ് അംഗീകാരം നൽകുകയാണെങ്കിൽ, ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുക്കുകയാണെങ്കിൽ നമ്മുടെ കേരളത്തിൽ നഷ്ടത്തിലോടുന്ന ടി.സി.സി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ നമുക്ക് ലാഭത്തിൽ കൊണ്ടുവരാൻ കഴിയും. അങ്ങനെ മുന്നോട്ടുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പതിനഞ്ചോ ഇരുപതോ മെഗാവാട്ട് ഇല

LIBRARY ARCHIVES Kerala Legislative Assembly

ക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്ന മിനി ഹൈഡൽ പ്രോജക്ടുണ്ടാക്കുന്നതിനാവശ്യമായ അംഗീകാരം നൽകാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുമോ, അതിനാവശ്യമായ നിർദ്ദേശം വ്യവസായ വകുപ്പ് നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഇപ്പോൾ തന്നെ ചില നിർദ്ദേശങ്ങളുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളും മിനി ഹൈഡൽ സ്കീമുകൾ എടുക്കുന്ന കാര്യം ഗൗരവമായി ആലോചിക്കുകയും, അങ്ങനെ അതിന് സ്കീം ഉണ്ടാക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടനയ്ക്കും വിപുലീകരണത്തിനുമായി വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു കഴിഞ്ഞുവെന്ന് പറഞ്ഞു. പുനലൂർ പ്ലൈവുഡ് ഫാക്ടറി, കേരള സോപ്പ്സ് ആന്റ് ഓയിൽസ്, ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ചാക്കയിലെ കെൽടെക് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിലോ ഒന്നുകിൽ ഔട്ട് ഡേറ്റഡ് ടെക്നോളജി മൂലമോ മാർക്കറ്റിൽ കോംപീറ്റ് ചെയ്യാൻ പ്രയാസമുണ്ടായിരിക്കാം. അതുകൊണ്ട് ഈ സ്ഥാപനങ്ങളെക്കൂടി ഈ ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നമ്മുടെ സംസ്ഥാനത്ത് ഒരു കാലത്ത് അഭിമാനകരമായിരുന്ന 'കെൽട്രോണിനെ' പുനരുദ്ധരിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ പറഞ്ഞ എല്ലാ കമ്പനികളെപ്പറ്റിയും വിശദമായ പഠനം നടത്തുകയും ഇതിനാവശ്യമായ പുനരുദ്ധാരണ നടപടികൾ കൈക്കൊള്ളുകയും ചെയ്യും. പുനലൂർ പ്ലൈവുഡിന് തന്നെ ആറ് കോടിയിലധികം രൂപ പുനരുദ്ധാരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഇവിടെ ഏറ്റവും പ്രധാന പ്രശ്നം തടി കിട്ടുന്നില്ല എന്നുള്ളതാണ്. അതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പ്രവർത്തന മൂലധനമില്ലാതെ വരുന്നതുകൊണ്ട് ഈ സ്ഥാപനങ്ങളൊന്നും ബുദ്ധിമുട്ടുകയില്ല എന്നുറപ്പ് തരാൻ എനിക്ക് കഴിയും. കെൽട്രോണിന്റെ കാര്യത്തിൽ വളരെ വ്യക്തമായ പുനരുദ്ധാരണ പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. ബാങ്കുകളുമായി സംസാരിച്ച് 200 കോടി രൂപ കടമുള്ളത് 120 കോടി രൂപയാക്കി ചുരുക്കി ഏഴ് കൊല്ലം കൊണ്ട് അത് കൊടുക്കുന്നതിനുള്ള ഒരു ടൈം ഷെഡ്യൂളും ഇപ്പോൾ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്. ആദ്യത്തെ ഗഡുവായ 23 കോടി രൂപ ഇത്തവണ പൊതുമേഖലാ സ്ഥാപനത്തിനുള്ള ഫണ്ടിൽ നിന്നും കൊടുക്കുന്നതാണ്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഡിപ്പാർട്ട്മെന്റിറക്കിയ ധവളപത്രത്തിൽ 1997-ലേയും 1998-ലേയും വൈദ്യുതി വർദ്ധനവുകൊണ്ട് ഉൽപ്പാദന ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണെന്നും അതുകൊണ്ട് ലാഭത്തിൽ നടക്കുന്ന 15 പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് ഇവിടെ തന്ന ഉത്തരത്തിൽ പറഞ്ഞു. ഈ വർഷം വൈദ്യുതി ചാർജ് വർദ്ധനയെ സംബന്ധിച്ച് രണ്ട് പഠനം നടത്തിയല്ലോ. ആ പഠനത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിൽ എത്രയെണ്ണം നഷ്ടത്തിലേക്ക് പോകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്?

ശ്രീമതി സുശീലാ ഗോപാലൻ : കാര്യങ്ങൾ ഇപ്പോൾ അസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഓരോ സ്ഥാപനത്തെപ്പറ്റിയും പ്രത്യേകം പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, സി.എ.ജി.യുടെ റിപ്പോർട്ടിൽ 102 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 89 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്താതിരിക്കുകയാണ്. ഒരു വർഷം മുതൽ പതിനഞ്ച് വർഷം വരെ യുള്ളതുണ്ട്. എല്ലാ വർഷവും സി.എ.ജി.യുടെ റിപ്പോർട്ടിൽ ഇത് കാണുന്നു. അതുകൊണ്ട് ആഡിറ്റ് നടത്താതിരിക്കുന്ന സ്ഥാപനങ്ങളിലെ എം.ഡി യടക്കം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തുകൊണ്ട് നഷ്ടപരി ഹാരം ഈടാക്കാൻ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ ആഡിറ്റിംഗ് വളരെ ദ്രുതഗതി യിൽ ആക്കിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 22-ഓളം സ്ഥാപന ങ്ങളിൽ ആഡിറ്റ് അപ്പ്-ടുഡേറ്റാക്കിയിട്ടുണ്ട്. 16 സ്ഥാപനങ്ങൾക്ക് ഒരു കൊല്ലത്തെ മാത്രമേ കുടിശ്ശികയുള്ളൂ. അതിവേഗത്തിൽ ഒരു കൊല്ലത്തിൽ മൂന്ന് കൊല്ലത്തെ ആഡിറ്റിംഗാണ് നടന്നുകൊണ്ടിരിക്കുന്നത്. വളരെവേഗ ത്തിൽ തന്നെ കുടിശ്ശിക തീർക്കാൻ കഴയുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഡോ. എം.എ. കുട്ടപ്പൻ : സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ കാറ്റഗറികളിൽ 10 ശതമാനം ജോലി പട്ടികജാതി - പട്ടികവർഗ്ഗ ക്കാർക്ക് നൽകണമെന്ന് വിവിധ ഉത്തരവുകളുണ്ട്. അത് പരിശോധിക്കുന്ന ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ്സ് ഡയറക്ടർ തന്നെ പരിശോധനാ റിപ്പോർട്ടിൽ ഒട്ടേറെ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒട്ടേറെ പൊതുമേ ഖലാ സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറിയിലും ഒട്ടേറെ ബാക്ക്ലോഗ് ഉണ്ട്. അതുപോലെതന്നെ 12 സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് പോസ്റ്റുകളിൽ ഒറ്റ പട്ടികജാതിക്കാർ പോലുമില്ല, 16 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഒറ്റ പോസ്റ്റിൽ ഷെഡ്യൂൾഡ് ട്രൈബില്ല എന്നുള്ള റിപ്പോർട്ടാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസ്സ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതുകൊണ്ട് 1985-ലെ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഴുവൻ കാറ്റഗറിയിലും 10 ശതമാനം സംവരണം നിർബന്ധമായും നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ, അതോടൊപ്പം അത് നടപ്പിലാ ക്കാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പൊതുമേഖലാ സ്ഥാപനങ്ങളുടെ എക്സിക്യൂട്ടീവുകളുടെ കാര്യത്തിൽ നിശ്ചിതമായ യോഗ്യതയും മറ്റുമുണ്ട്. അതനുസരിച്ച് പൊതുവായിട്ടുള്ള ലിസ്റ്റിൽ തന്നെ ആളുകൾ കുറവാണ്. അതിൽ പ്രത്യേകിച്ച് എസ്.സി/എസ്.ടി വിഭാഗത്തിൽ വളരെക്കുറവാണ്. താഴത്തെ കാറ്റഗറികളെ നോക്കിയിടത്തോളം കുഴപ്പമില്ല. ആളുകളുടെ ലഭ്യത യനുസരിച്ച് തീർച്ചയായിട്ടും അത് പരിഹരിക്കുന്നതാണ്.

ഡോ. എം.എ. കുട്ടപ്പൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ സർക്കാർ സഹായത്തോടെ പ്രവർത്തി ക്കുന്നുണ്ട്. കെ.എഫ്.സി.യിൽ നിന്നും സബ്സിഡിയോടെ ലോണെടുത്തതൊ ക്കെയാണ് വ്യവസായം നടത്തുന്നത്. അങ്ങനെ നടത്തുന്ന സ്വകാര്യ സ്ഥാപന ങ്ങളിൽ പട്ടികവിഭാഗക്കാർക്ക് സംവരണം നടപ്പാക്കുന്നതിനുള്ള ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. "G.O.(MS)No. 4/65/Rev.(j)Department. Government have issued Orders in G.O's read above for giving due representations to Scheduled Castes and Backward Classes for appointment in Government Owned Industries and Government Aided Private Industries."

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല സർക്കാരിൽ നിന്നും ധന സഹായം വാങ്ങി പ്രവർത്തിക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിലും സംവരണം നടത്തണമെന്നുള്ള ഈ ഉത്തരവ് നടപ്പാക്കാത്തതിന്റെ ഭാഗമായി സ്വകാര്യ വ്യവസായികളെകൂടി വിളിച്ച് ചർച്ച നടത്തി ഇത് നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇതുവരെ ഈ രംഗത്ത് ഒരു പരിശോധന നടത്തിയിട്ടില്ല, സ്വകാര്യ വ്യവസായികളെയെല്ലാം വിളിച്ചു കൂട്ടാൻ ബുദ്ധിമുട്ടുണ്ട് എങ്കിലും അതിന്റെയൊരു കണക്കെടുക്കുന്നതായിരിക്കും. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നികത്തുന്നതിന് ആവശ്യപ്പെടുകയും ചെയ്യാം.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : സർ, ഇവിടെ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് പ്രധാനകാരണമായി പറഞ്ഞത് വൈദ്യുതി നിരക്കാണെന്നാണ്. കേരളത്തിൽ ഇപ്പോൾ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിനുശേഷവും തെക്കെ ഇൻഡ്യയിലുള്ള വ്യവസായങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജ് മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറവാണെന്ന് കാണുന്നത് ശരിയാണോ? അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വൈദ്യുതിയുടെ ചാർജ്ജ് കുറവാണെന്നുള്ളത് വസ്തുതയാണ്. പക്ഷെ മറ്റുപല ഘടകങ്ങൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നുള്ള വസ്തുത വളരെ പ്രധാനപ്പെട്ട കാര്യമാണ്. എങ്കിലും ഓരോ സ്ഥാപനത്തിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് എന്തെല്ലാം കാര്യങ്ങൾ ചെയ്യാം, എങ്ങനെ ലാഭകരമാക്കിത്തീർക്കാം എന്നുള്ള കാര്യങ്ങളെക്കുറിച്ച് വ്യവസായ വകുപ്പ് പരിശോധിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി മന്ത്രിയാണെങ്കിൽ ഇലക്ട്രിസിറ്റിയുടെ ചാർജ്ജ് വർദ്ധനവുകൊണ്ടുമാത്രം വ്യവസായങ്ങൾ അടച്ചുപൂട്ടാൻ സമ്മതിക്കുകയില്ലയെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് പ്രയോജനപ്പെടുത്താൻ ഞങ്ങൾ പരിശ്രമിക്കും.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. 'പൊതുമേഖലാസ്ഥാപനങ്ങളുടെ ക്വാളിറ്റി, മാർക്കറ്റ് ആകട്ടെ, ഇന്റർനാഷണൽ മാർക്കറ്റ് ആകട്ടെ, മറ്റ് മേഖലകളിലുള്ള ഉല്പന്നങ്ങളുമായി കോംമ്പീറ്റ് ചെയ്യാൻ കഴിയുന്നില്ല. ഉദാഹരണമായിട്ട് കെൽട്രോണിന് പഴയതുപോലെ മാർക്കറ്റിൽ മത്സരിക്കാൻ കഴിയുന്നില്ല. പണം കണ്ടെത്തിയാൽ മാത്രംപോരാ. പൊതുമേഖലാസ്ഥാപനങ്ങൾ നിലനിൽക്കണമെങ്കിൽ അവിടത്തെ ഉല്പന്നങ്ങളുടെ ക്വാളിറ്റി നിലനിർത്താനുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ശ്രീ. ആനത്തലവട്ടം ആനന്ദന് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള വിരോധം എനിക്കില്ല. അദ്ദേഹത്തിന്റെ ചോദ്യം വ്യവസായവകുപ്പുമന്ത്രിക്ക് എതിരായിരുന്നു. ഇവിടെ വൈദ്യുതി ചാർജ്ജ് വർദ്ധനകൊണ്ട് ഒന്നും നശിക്കേണ്ട കാര്യമില്ല, കാരണം മറ്റ് സംസ്ഥാനങ്ങളെക്കാൾ കുറവാണ് ഇവിടെയുള്ളത് എന്നാണ് അദ്ദേഹം പറഞ്ഞത്. അത്ര വിരോധം ഞങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിയോടില്ല. വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേരളത്തിലെ വ്യവസായങ്ങളെ ബാധിക്കുകയില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. വൈദ്യുതി ചാർജ്ജ് വർദ്ധനവ് പ്രഖ്യാപിക്കുന്നതിനു മുമ്പ് സാധാരണ ചെയ്യാറുള്ളതുപോലെ വ്യവസായ വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തിൽ ഒരു കോ-ഓർഡിനേഷൻ നിങ്ങൾ തമ്മിൽ ഉണ്ടാക്കിയിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ചതു മാത്രമേയുള്ളൂ. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

അതിനെ പ്രയോജനപ്പെടുത്തുമെന്ന് പറയുകയുണ്ടായി. കേരളത്തിലെ വ്യാവസായിക മേഖലയ്ക്ക് കൊടുക്കുന്ന വൈദ്യുതി ചാർജ്ജിന് യൂണിഫോമിറ്റി വേണ്ടേ; ഓരോ വ്യവസായ സ്ഥാപനങ്ങളേയും പ്രത്യേകമെടുത്ത് വൈദ്യുതി നിരക്കിനെ സംബന്ധിച്ച് ചർച്ച ചെയ്യാമെന്നുള്ള അർത്ഥത്തിൽ വൈദ്യുതി വകുപ്പുമന്ത്രി സംസാരിച്ചത് ഏത് നിലയ്ക്കാണ് വ്യവസായ വകുപ്പ് കാണുന്നത്; അങ്ങനെ ചർച്ച ചെയ്യാനും സ്വീകരിക്കാനും നയങ്ങൾ ഉണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : വ്യവസായങ്ങളിൽ ചിലത് പവർ ഇന്റൻസീവ് ആണ്. അങ്ങനെയുള്ള സ്ഥാപനങ്ങളെ പ്രത്യേകമായി പരിഗണിക്കേണ്ടിവരും. എല്ലാ കാര്യങ്ങളും യൂണിഫോം ആയിട്ട് ചെയ്താൽ ഇക്കാര്യം ശരിയാകുകയില്ല. ആ അർത്ഥത്തിലായിരിക്കും അദ്ദേഹം പറഞ്ഞത്. തീർച്ചയായും അങ്ങനെ പരിശോധിക്കുന്നത് ആയിരിക്കും നല്ലത്.

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിൽ പൂട്ടിക്കിടക്കുന്ന ഒരു വ്യവസായശാലയായിരുന്നു കോഴിക്കോട് നഗരത്തിലെ വളരെ പ്രസിദ്ധമായ സോപ്സ് ആന്റ് ഓയിൽസ്. വളരെ പ്രധാനപ്പെട്ട വേപ്പ്, ത്രിൽ, വാഷ്വെൽ സോപ്പുകൾ ഉണ്ടാക്കിയ ആ ഫാക്ടറി ഈ സർക്കാർ വന്നതിനുശേഷം തുറന്നു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. വളരെ വാല്യൂബിളായിട്ടുള്ള അവിടത്തെ പ്രൊഡക്ഷൻസ് മറ്റ് സോപ്പുകളെക്കാൾ മെഡിസിനൽ വാല്യൂ ഉള്ളവയാണ്. എന്നാൽ അവിടെ ഉണ്ടാക്കുന്ന സോപ്പുകൾ വിറ്റഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. അതിനു കാരണം അഡ്വെർട്ടൈസ്മെന്റിന്റെ കാര്യത്തിൽ സർക്കാരിന് വേണ്ടരീതിയിൽ കാര്യങ്ങൾ നീക്കാൻ കഴിയുന്നില്ല. ഇത് പബ്ലിസിറ്റിയുടെ കാലമാണ്. ഈ സ്ഥാപനത്തിലെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ആവശ്യമായ പബ്ലിസിറ്റി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ അവിടെ വിപണനത്തിന് ബുദ്ധിമുട്ടില്ല. പ്രത്യേകിച്ച് മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ വഴി ഇവയൊക്കെ വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ അവരുടെ പ്രധാനപ്പെട്ട പ്രശ്നം വർക്കിംഗ് ക്യാപിറ്റൽ ഉണ്ടാക്കുകയാണ്. അതിന് ആവശ്യമായിട്ടുള്ള സഹായം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഈ ഗവൺമെന്റിൽ ഏകാകിനിയായി വ്യവസായ കേരളത്തെ അങ്ങ് നയിച്ചുകൊണ്ടിരിക്കുകയാണ്. സഹമന്ത്രിമാരിൽനിന്നും ധനകാര്യമന്ത്രിയിൽനിന്നും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയിൽനിന്നും ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദനിൽ നിന്നുമൊക്കെ എതിർപ്പുകൾ നേരിട്ടുകൊണ്ട് വ്യവസായ കേരളത്തെ വളരെ ധീരമായി നയിച്ചുകൊണ്ടിരിക്കുകയാണ്. അമിതമായ വൈദ്യുതി ചാർജ്ജും സെയിൽസ് ടാക്സും വ്യവസായങ്ങൾക്ക് പ്രതിസന്ധിയായിത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ പൊതുമേഖലാസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അതിനെ സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അദ്ദേഹത്തിന്റെ ഭാവനയിലുള്ള കാര്യങ്ങളെ സംബന്ധിച്ചൊന്നും ഞാൻ മറുപടി പറയുന്നില്ല. പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് അവർ ഇങ്ങോട്ട് പറയുക മാത്രമല്ല പൊതുമേഖലാസ്ഥാപനങ്ങളിൽ ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. അക്കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടറുടെ റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. പട്ടികജാതി-പട്ടികവിഭാഗത്തിൽപെട്ട ലോവർ കാറ്റഗറിയിലുള്ള ആളുകൾക്ക് കുഴപ്പമില്ലാതെ റിസർവേഷൻ നൽകുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത്തരം സ്ഥാപനങ്ങളിൽ മിഡിൽ ലെവൽ കാറ്റഗറിയിലുള്ള ജീവനക്കാരെ ഉന്നതപരിശീലനങ്ങൾ നൽകി ആ കുഴപ്പം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വേണമെന്ന് കഴിഞ്ഞ കാലങ്ങളിൽ ആധികാരിക കമ്മിറ്റികൾ പല നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. എന്നാൽ അതനുസരിച്ച് നടപടികൾ എടുത്തുകാണുന്നില്ല. ഈ ഗവൺമെന്റ് അത്തരത്തിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. പി.പി. തങ്കച്ചൻ : തകർന്നുപോയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കോർപ്പസ് ഫണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി മാത്രമാണോ, അതോ ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന ജോയിന്റ് സെക്ടറിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രയോജനപ്പെടുത്തുമോ; കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് കുഴപ്പമുണ്ടെങ്കിൽ അവയുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രയോജനപ്പെടുത്തുമോ; ലാഭം ഉണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം മുഴുവൻ ഗവൺമെന്റിലേയ്ക്ക് കൊടുക്കാതെ ഒരു വിഹിതം കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റിവയ്ക്കാൻ വേണ്ടി തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കോർപ്പസ് ഫണ്ട് ഉണ്ടാക്കിയിരിക്കുന്നത് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും പരിശോധിച്ച് അതിനാവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നതിനുവേണ്ടിയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ പണം ഇപ്പോൾ തന്നെ പോരാ. 60 കോടി രൂപ ഇക്വിറ്റിയായിട്ട് ഇടുന്നത്, 180 കോടി രൂപ ബോണ്ട് വഴി സമാഹരിക്കുന്നത്. അങ്ങനെ 240 കോടി രൂപയാണ് വരുന്നത്. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഏതാണ്ട് 300 കോടി രൂപയെങ്കിലും വേണ്ടിവരും. ഇനിയും എന്തുചെയ്യാൻ കഴിയുമെന്ന് ഈ ഫണ്ട് ഉപയോഗപ്പെടുത്തിയതിനുശേഷം ആലോചിക്കുന്നതാണ്. അക്കൂട്ടത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഇങ്ങോട്ട് റിട്ടേൺസ് കിട്ടുന്നതാണെങ്കിൽ തീർച്ചയായും ആവശ്യമായ സഹായം ചെയ്യാം. ജോയിന്റ് സെക്ടറിലുള്ള ചെറുകിടവ്യവസായങ്ങളടക്കം ബാധിക്കുന്ന ഒരുപാട് പ്രശ്നങ്ങളുണ്ട്. സിൽക്ക് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly